**സന്ദേശം**

| | | |
|---|---|---|
| TO | : | **എല്ലാ ഓഫീസർമാർക്കും.** |
| INFO | : | |
| FROM | : | **ജില്ലാ പോലീസ് മേധാവി,**<br>ഇടുക്കി. |

## No. A7-481/2018/ID Dt 14-05-2018

പെൻഷനെക്കുറിച്ചും, പെൻഷൻ ആനുകൂല്യങ്ങളെ കുറിച്ചും താമസം വിന സർവ്വീസിൽ നിന്നും വിരമിക്കുന്ന പോലീസ് സേനാംഗങ്ങൾക്കും മറ്റ് ജീവനക്കാർക്കും ഒട്ടേറെ സംശയങ്ങളുണ്ടാവാം. പെൻഷൻ ആനുകൂല്യങ്ങൾ പെട്ടെന്ന് തന്നെ ലഭിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് പലർക്കും കൃത്യമായി അറിയാത്തതുമൂലം ഈ ആനുകൂല്യങ്ങൾ വൈകുവാൻ ഇടവരുന്നു. ഇത്തരം സംശയങ്ങൾ ദൂരീകരിച്ച്, പെൻഷൻ പറ്റി കഴിഞ്ഞ് ഉടനെ തന്നെ എല്ലാ ആനുകൂല്യങ്ങളും (പി.എഫ്, എസ്.എൽ.ഐ , ജി.ഐ.എസ്,എഫ്.ബി.എസ്, ടെർമിനൽ സറണ്ടർ ) ലഭ്യമാക്കുന്നതിന് 31.05.2018 മുതൽ 31.05.2019 വരെയുള്ള കാലയളവിൽ ഇടുക്കി ജില്ലാ പോലീസ് യൂണിറ്റിൽ നിന്നും വിരമിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥർക്കും വേണ്ടി മേയ് മാസം പതിനെട്ടാം തീയതി (18-05-2018) രാവിലെ 10.30 മുതൽ ഉച്ചക്ക് 1.30 വരെ ഒരു പരിശീലന പരിപാടി ഇടുക്കി എ ആർ ക്യാമ്പിൽ വച്ച് ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെടുന്നു. പ്രസ്തുത പരിപാടിയിലേക്ക് താങ്കളുടെ യൂണിറ്റിൽ നിന്നും 31.05.2018 മുതൽ 31.05.2019 വരെയുള്ള കാലയളവിൽ വിരമിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിക്കേണ്ടതാണ്.

മേൽ കാലയളവിൽ സേവനത്തിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**
For District Police Chief

Internal Administrative Processing System
iAPS
KERALA POLICE

A7-481/2018/ID

979682